ഉത്തരം

(എ-സി) അന്താരാഷ്ട്ര നിലവാരത്തിൽ കേരളത്തിൽ മുഴുവൻ നീളം തെക്കു വടക്കായി പോകുന്ന ഒരു എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. ഇതിന്റെ അലൈൻമെന്റ് ഉൾപ്പെടെ മറ്റ് വിശദാംശങ്ങളൊന്നും തീരുമാനമായിട്ടില്ല.

(ഡി) ലഭിച്ചു. ലീ അസോസിയേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന അന്തർദ്ദേശീയ കൺസൾട്ടൻസി സ്ഥാപനമാണ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

എക്സ്പ്രസ് ഹൈവേക്കുവേണ്ടി ഒഴിപ്പിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള ചെലവ്

50 (3609) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ബലറാം :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-കാസർഗോഡ് എക്സ്പ്രസ് ഹൈവേക്കു വേണ്ടി ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുമ്പോൾ എത്ര കുടുംബങ്ങൾക്ക് തൽഫലമായി വീടും സ്ഥലവും നഷ്ടപ്പെടും എന്ന് വെളിപ്പെടുത്തുമോ ;

(ബി) വീടും സ്ഥലവും നഷ്ടപ്പെടുന്നവരെ കുടിയിരുത്തുവാനുള്ള നടപടികൾ എന്ന് ആരംഭിക്കും എന്ന് അറിയിക്കുമോ ;

(സി) അതിനുവേണ്ടി എന്തു തുക ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) അന്താരാഷ്ട്ര നിലവാരത്തിൽ കേരളത്തിൽ മുഴുവൻ നീളം തെക്കുവടക്കായി പോകുന്ന ഒരു എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. ഇതു നടപ്പാക്കുന്നതു സംബന്ധിച്ച വിശദാംശങ്ങളൊന്നും തീരുമാനമായിട്ടില്ല.

സ്റ്റേറ്റ് ഹൈവേയുടെ വികസനത്തിനുവേണ്ടി ലഭിച്ച കേന്ദ്ര സഹായം

51 (3610) ശ്രീ. വി. ബലറാം :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്റ്റേറ്റ് ഹൈവേയുടെ വികസനത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തുതുക കിട്ടിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly